"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ലൈഫ് മിഷ-ശ്രീമതി മായ, പുത്തൻ തറ, അക്കരപ്പാടം എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.293/2022/LSGD തീയതി,തിരുവനന്തപുരം, 09-02-2022

---

പരാമർശം:-

1. കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17/12/2021 തീയതിയിലെ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2021 തീയതിയിലെ 4.63 നമ്പർ തീരുമാനം.

**ഉത്തരവ്**

2018-19 രണ്ടാം ഘട്ട ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി മായ, പുത്തൻ തറ, അക്കരപ്പാടം എന്ന ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുകയും ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ വിശദമായ പരിശോധനയിൽ ടി ഗുണഭോക്താവിന്റെ റേഷൻ കാർഡ് 31/12/2017 നു ശേഷമുള്ളതാണെന്നു കണ്ടെത്തുകയും മാനദണ്ഡപ്രകാരം അർഹതയില്ലാത്തതിനാൽ ധനസഹായം നിർത്തിവെയ്ക്കുകയും ചെയ്തിരുന്നു. പ്ലാസ്റ്റിക്ക് ഷീറ്റു കൊണ്ടു മറച്ച കുടിലിൽ താമസിക്കുന്ന വിധവയും രണ്ടുപെൺകുട്ടികളുമടങ്ങിയ ടി കുടുംബത്തിന്റെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ധനസഹായം നൽകണമെന്ന് പരാമർശം (1) പ്രകാരം കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം 11/01/2022 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി മായ, പുത്തൻതറ, അക്കരപ്പാടം എന്ന ഗുണഭോക്താവിന്റെ ഇപ്പോഴത്തെ സാഹചര്യം പരിഗണിച്ച് ലൈഫ് പദ്ധതിയ്ക്കു പുറത്തുള്ള(20% തകയ്ക്കു പുറത്ത്) തുക ഉപയോഗിച്ച് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഉദയനാപുരം ഗ്രാമപഞ്ചായത്ത്.
ജില്ലാ പ്ലാനിംഗ് ഓഫീസർ,കോട്ടയം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reens

സെക്ഷൻ ഓഫീസർ